കേരള സർക്കാർ

നം.സി2/52/2017/ ഐ & പി ആർ

ഇൻഫർമേഷൻ &
പബ്ലിക്ക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം. തീയതി 07/04/2017

***താത്പര്യപത്രം ക്ഷണിക്കുന്നു.***

സംസ്ഥാനസർക്കാരിന്റെ വിവിധ പരിപാടികളുടെ പ്രചരണാർത്ഥം സംസ്ഥാനമൊട്ടാകെ നൂറ് ഹോർഡിംഗുകൾ അടുത്ത ഒരു വർഷത്തേക്ക് സ്ഥാപിക്കുവാൻ (30% Lighting) സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഏജൻസികളെ എംപാനൽ ലിസ്റ്റ് ചെയ്യുന്നതിന് താത്പര്യമുള്ള എജൻസികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. താത്പര്യമുള്ള എജൻസികൾ 2017 ഏപ്രിൽ 21 നകം അപേക്ഷകൾ, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്ന ഏജൻസികൾ ലൊക്കേഷനുകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഒരു ജില്ലയിൽ പരമാവധി 10 ലൊക്കേഷനുകൾ വരെ രേഖപ്പെടുത്താവുന്നതാണ്. ജില്ലയിലെ പ്രമുഖ ഇടങ്ങളിലാണ് ഹോർഡിംഗുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. Lighting ഹോർഡിംഗുകളുടെ വിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ഓരോ ജില്ലയിലും പ്രമുഖ ലൊക്കേഷനുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏജൻസികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതും ലൊക്കേഷനുകൾ വകുപ്പ് തീർച്ചപ്പെടുത്തിയ ശേഷം പ്രസ്തുത ഏജൻസികളുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതുമാണ്. ഈ അവസരത്തിൽ മാത്രം Financial bid സമർപ്പിച്ചാൽ മതിയാകും.
കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്

04712327471,04712518447,9567665733

ഡോ.കെ.അമ്പാടി
ഡയറക്ടർ